പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1229 **15-10-2026-ൽ മറുപടിയ്ക്ക്**

പി.എം.ശ്രീ പദ്ധതി കേരളത്തിൽ നടപ്പിലാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ആലോചനയുണ്ടോ; പദ്ധതി പ്രകാരം പാഠ്യ പദ്ധതിയിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പി.എം.ശ്രീ പദ്ധതി പ്രകാരം സ്കൂളുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം ആർക്കാണെന്നറിയിക്കുമോ; പദ്ധതിയിൽ ഒപ്പിടുന്നതു വഴി കേരളത്തിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയെന്ന് വിശദമാക്കാമോ; പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് (എം.ഒ.യു. പ്രകാരം)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയ വ്യവസ്ഥകൾ എന്തൊക്കെയാണ് വിശദമാക്കാമോ;

മറുപടി: പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻസർക്കാർ ഒപ്പുവച്ച ധാരണാപത്രം (MoU) പ്രകാരം കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാക്കിയ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

i പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന് (DoSEL) ആയിരിക്കും-

ii. കരാറിലെ വ്യവസ്ഥകളിൽ ഏതിലെങ്കിലും. ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പരസമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

iii. കരാറിന്റെ വ്യാഖ്യാനം, വ്യവസ്ഥകൾ, നിബന്ധനകൾ, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ അഭിപ്രായവ്യത്യാസമോ ഉണ്ടായാൽ അതിനെ സൗഹൃദപരമായി പരിഹരിക്കാൻ ഇരുപാർട്ടികളും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തണം. ആവശ്യമായ പക്ഷം ഡൽഹിയിലെ അധികാര പരിധിക്കുള്ളിൽ അനുയോജ്യമായ ഫോറത്തിൽ അനുയോജ്യമായ പരിഹാരം തേടാൻ പാർട്ടികൾക്ക് സ്വാതന്ത്ര്യമുണ്ടാകും.

ധാരണാപത്രത്തിലെ മേൽ വ്യവസ്ഥ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSE&L) മാത്രമായിരിക്കും. കരാറിലെ വ്യവസ്ഥകളിൽ എതെങ്കിലും ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

പിഎം ശ്രീ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ സംസ്ഥാനത്ത് നിലവിലുള്ള പാഠ്യപദ്ധതി തന്നെ മതിയാകും. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ഉന്നതതല ഉദ്യോഗസ്ഥരുടെ സമിതിയാണ് പദ്ധതി ആരംഭിക്കുന്ന സമയത്ത് Challenge Mode ൽ സ്കൂളുകളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. പി. എം. ശ്രീ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ഓരോ ബ്ലോക്കിലും ഓരോ എലിമെന്ററി സ്കൂളുകളിലും ഓരോ സെക്കന്ററി സ്കൂളിലുമാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഓരോ സ്കൂളും തയ്യാറാക്കി നൽകുന്ന പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഓരോ പി. എം. ശ്രീ സ്കൂളിനും ഓരോ വർഷവും ഒരു കോടി രൂപവരെ ലഭ്യമാകും. ഇതിൽ 60% തുകയാണ് കേന്ദ്രസഹായം.

പി. എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി. ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ അധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എത്രയെന്ന് വ്യക്തമാക്കാമോ; അധ്യാപക തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത പൂർത്തിയായിട്ടുണ്ടോ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

<u>മറുപടി:</u> വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം എത്ര; എല്ലാ സ്കൂളുകളിലും നിലവിൽ സ്മാർട്ട് ക്ലാസ് റൂം ഉണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വിദ്യാർത്ഥികൾക്കുള്ള യൂണിഫോം, പാഠപുസ്തകം, പഠനോപകരണങ്ങൾ എന്നിവ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; എന്നാണ് വിതരണം പൂർത്തിയായതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ) അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കു കൂടി എസ്. പി. സി. കേഡറ്റുകളെ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>മറുപടി:</u> വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ